സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്വേഷണം പ്രമാദിത്വം
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ഏപ്രിൽ 1 ശനി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ



പുഷ്പ ജങ്ഷന് സമീപത്തെ ആനിഹാൾ റോഡിലെ ജയലക്ഷ്മി സിൽക്സിലുണ്ടായ തീപിടിത്തം നിയന്ത്രണ വിധേയമാക്കാൻ ശ്രമിക്കുന്ന അഗ്നിശമന സേന

## കോഴിക്കോട് നഗരത്തിൽ വസ്ത്രശാലയിൽ തീപിടിത്തം

### പാർക്കിങ് ഏരിയയിലെ കാറുകൾ കത്തിനശിച്ചു

കോഴിക്കോട്: നഗരത്തിൽ വൻ തീപിടിത്തം. പുഷ്പ ജങ്ഷന് സമീപത്തെ ആനിഹാൾ റോഡിലെ ജയലക്ഷ്മി സിൽക്സിലാണ് തീപിടിത്തമുണ്ടായത്. തീപിടിത്തത്തിൽ ഷോറൂമിന്റെ പാർക്കിങ് ഏരിയയിലെ കാറുകൾ കത്തിനശിച്ചിട്ടുണ്ട്. തീ നിയന്ത്രണവിധേയമാക്കിയിട്ടുണ്ട്. കോഴിക്കോട് നിന്നും മലപ്പുറത്ത് നിന്നുമുള്ള അഗ്നിശമന സേനയുടെ 20 യൂണിറ്റോളം എത്തിയാണ് തീ നിയന്ത്രണവിധേയമാക്കിയത്. ഇന്ന് രാവിലെ ആറ് മണിയോടെയാണ് തീപിടത്തം ഉണ്ടായത്. കെട്ടിടത്തിന് താഴെ നിർത്തിയിട്ടിരുന്ന കാറിലാണ് ആദ്യം തീ കണ്ടത്. പിന്നീട് കെട്ടിടത്തിന്റെ രണ്ടാം നിലയിലും പുക കണ്ടു. ഷോർട്ട് സർക്യൂട്ടാണ് തീപിടിത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം.

### വിദ്യാഭ്യാസമില്ലാത്തതോ, വിദ്യാഭ്യാസം കുറഞ്ഞതോ ആയത് ഒരു കുറ്റമല്ല

# കോടതി വിധി ഞെട്ടിച്ചു; അരവിന്ദ് കെജ്രിവാൾ

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ബിരുദ വിവരങ്ങൾ കൈമാറ്റം ചെയ്യേണ്ടതില്ല എന്ന ഹൈക്കോടതി വിധി ജനങ്ങളിൽ വീണ്ടും സംശയം ജനിപ്പിക്കുന്നുവെന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ. മോദിയുടെ ബിരുദ വിവരങ്ങൾ കൈമാറ്റം ചെയ്യേണ്ടതില്ല എന്ന ഗുജറാത്ത് ഹൈക്കോടതി വിധി തന്നെ ഞെട്ടിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. 2016ൽ കേന്ദ്ര വിവരാവകാശ കമ്മീഷന് പ്രധാനമന്തി നരേന്ദ്രമോദിയുടെ വിദ്യാഭ്യാസയോഗ്യത സംബന്ധിച്ച വിശദാംശങ്ങൾ ലഭിക്കാനായുള്ള അപേക്ഷ



കെജ്രിവാൾ നൽകിയിരുന്നു. അപേക്ഷ പരിഗണിച്ച കേന്ദ്ര വിവരാവകാശ കമ്മീഷൻ മോദിയുടെ ബിരുദ, ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റുകളുടെ വിശദാംശങ്ങൾ അപേക്ഷകന് നൽകാൻ ഗുജറാത്ത് സർവകലാശാലയ്ക്ക് നിർദേശം നൽകി. എന്നാൽ വിവരങ്ങൾ നൽകുന്നത് വ്യക്തിയുടെ സ്വകാര്യതയെ ബാധിക്കുമെന്നും സർവകലാശാലയോട് ആലോചിക്കാതെയാണ് കമ്മീഷന്റെ ഉത്തരവെന്നും കാണിച്ച് സർവകലാശാല ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. സർവകലാശാലയുടെ വാദം ശരിവെച്ചാണ് വിശദാംശങ്ങൾ കൈമാറേണ്ട ആവശ്യമില്ലെന്ന് ജസ്റ്റിസ് ബീരേൻ വൈഷ്ണവ് ഉത്തരവിറക്കിയത്. കൂടാതെ അപേക്ഷകനായ ദില്ലി മുഖ്യമന്ത്രിക്ക് 25000 രൂപയും പിഴയിട്ടു.

കോടതി വിധി ഞെട്ടിച്ചുവെന്ന് പറഞ്ഞ കെജ്രിവാൾ ബിരുദം ശരിയാണെങ്കിൽ എന്തുകൊണ്ട് അത് പരസ്യമാക്കുന്നില്ലെന്നും ചോദിച്ചു. വിദ്യാഭ്യാസമില്ലാത്ത പ്രധാനമന്ത്രിയെ ആർക്കും വിഡ്ഢിയാക്കാമെന്നും കെജ്രിവാൾ പരിഹസിച്ചു. നിരക്ഷരനോ വിദ്യാഭ്യാസം കുറഞ്ഞതോ ആയ പ്രധാനമന്ത്രി രാജ്യത്തിന് അപകടമാണെന്നും കെജ്രിവാൾ പറഞ്ഞു. പ്രധാനമന്ത്രിയുടെ വിദ്യാഭ്യാസയോഗ്യതയെ സംബന്ധിച്ച് ജനങ്ങളിൽ വിധി നിരവധി സംശയങ്ങളുണ്ടാക്കുന്നു. ബിരുദം ശരിയാണെങ്കിൽ എന്തുകൊണ്ട് അത് പരസ്യമാക്കുന്നില്ലെന്നും അരവിന്ദ് കെജ്രിവാൾ ചോദിച്ചു.

## പ്രസംഗിക്കാൻ അവസരം നൽകാത്തത് തെറ്റ്; കെ.മുരളീധരനെ കോൺഗ്രസ് അപമാനിച്ചു, തെറ്റു തിരുത്തണം: ശശി തരൂർ

കൊച്ചി: വൈക്കം സത്യഗ്രഹത്തിന്റെ നൂറാം വാർഷിക വേദിയിൽ കെ. മുരളീധരനെ പ്രസംഗിക്കാൻ ക്ഷണിക്കാതിരുന്നത് തെറ്റായിരുന്നുവെന്നും കോൺഗ്രസ് അദ്ദേഹത്തെ അപമാനിക്കുകയായിരുന്നുവെന്നും ശശി തരൂർ. അദ്ദേഹം കെ.പി.സി.സിയുടെ മുൻ അധ്യക്ഷനാണ്. രമേശ് ചെന്നിത്തലക്ക് കെ.പി.സി.സി മുൻ അധ്യക്ഷൻ എന്ന നിലയിൽ പ്രസംഗിക്കാൻ അവസരം നൽകിയപ്പോൾ ഈ വേദിയിലുണ്ടായിരുന്ന മുൻ അധ്യക്ഷനായ കെ. മുരളീധരനും അവസരം നൽകണമായിരുന്നു. ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണത്.

നേതൃത്വം തെറ്റു തിരുത്താൻ തയ്യാറാകണമെന്നും ഒരു നിയമം ഉണ്ടാക്കിയാൽ അത് എല്ലാവർക്കും ഒരു പോലെ ആയിരിക്കണമെന്നും ശശി തരൂർ പറഞ്ഞു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർ



ജുൻ ഖാർഗെ പങ്കെടുത്ത വേദിയിൽ കെ.സുധാകരനും വി.ഡി സതീശനും രമേശ് ചെന്നിത്തലയും എം.എം ഹസനും മാത്രമാണ് കെ.പി.സി.സിയുടെ ഭാഗമായി സംസാരിച്ചത്. മുൻ കെ.പി.സി.സി പ്രസിഡന്റ് എന്ന പരിഗണന തനിക്ക് ലഭിച്ചില്ലെന്നായിരുന്നു കെ.മുരളീധരന്റെ പരാതി. എന്നാൽ, സമയ പരിമിതി കാരണമാണ് എല്ലാ നേതാക്കൾക്കും പ്രസംഗിക്കാൻ അവസരം ലഭിക്കാതിരുന്നത് എന്നാണ് കോട്ടയം ഡി.സി.സിയുടെ വിശദീകരണം. എന്നാൽ, പരിപാടിയുടെ സമയക്കുറവായിരുന്നു പ്രശ്നമെങ്കിൽ പത്ത് മിനിട്ട് നേരത്തെ തുടങ്ങണമായിരുന്നുവന്നും ശശി തരൂർ പറഞ്ഞു. തനിക്ക് പ്രസംഗിക്കാൻ അവസരംകിട്ടാത്തതിൽ പരാതിയില്ല. വൈക്കം സത്യഗ്രഹ വാർഷികത്തിന്റെ ഭാഗമായുള്ള ജാഥ കോഴിക്കോട്ടു നിന്നും വൈക്കത്തേക്ക് വന്നപ്പോൾ താൻ ഗുരുവായൂരിൽ വച്ച് പങ്കെടുക്കുകയും അവിടെ പ്രസംഗിക്കുകയും ചെയ്തുവെന്നും ശശി തരൂർ പറഞ്ഞു.

# ഓസ്കാർ തിളക്കത്തിലും ബൊമ്മനും ബെല്ലിക്കും നോവായി കുട്ടിക്കൊമ്പന്റെ വേർപാട്

ഊട്ടി: ഓസ്കാർ പുരസ്കാരം നേടിയ 'ദി എലിഫന്റ് വിസപറേഴ്സ്' എന്ന് ഹ്രസ്വചിത്രത്തിലൂടെ ശ്രദ്ധേയരായ പാപ്പാൻ ദമ്പതികൾ ബൊമ്മനും ബെല്ലിയും സംരക്ഷിച്ചു വന്ന കുട്ടിക്കൊമ്പൻ ചരിഞ്ഞു. ഇരുവർക്കും രണ്ടാഴ്ച മുമ്പ് ലഭിച്ച നാലു മാസം പ്രായമുള്ള കുട്ടിയാനയാണ് ചരിഞ്ഞത്. വയറിളക്കമാണ് മരണകാരണമെന്നാണ് വിവരം. മാർച്ച് 16 നാണ് നാലുമാസം പ്രായമുള്ള ആനക്കുട്ടിയെ ധർമപുരിയിൽ നിന്ന് മുതുമല കടുവാ സങ്കേതത്തിലെ ആനക്ക്യാമ്പിലേക്ക് എത്തിച്ചത്.

ഓസ്കർ നേട്ടത്തിന്റെ തിളക്കത്തിലിരിക്കുന്ന ബൊമ്മനേയും ബെല്ലിയേയും തന്നെയാണ് കുട്ടിക്കൊമ്പന്റെ മേൽനോട്ടം ഏൽപ്പിച്ചത്. ബൊമ്മനോടും ബെല്ലിയോടും വലിയ ഇണക്കത്തിലായിരുന്നു ആനക്കുട്ടി. അമ്മയിൽ നിന്ന് വേർപെട്ടതിനാൽ അതീവ ജാഗ്രതയോടെയാണ് ആനക്കുട്ടിയെ പരിചരിച്ചത്. അമ്മയില്ലാത്തിനാൽ പാലിന് പകരം മനുഷ്യർക്ക് നൽകുന്ന ലാക്ടോജനാ



കുട്ടിയാനയോടൊപ്പം ബൊമ്മനും ബെല്ലിയും

ണ് നൽകിയത്. ഇത് ദഹിക്കാത്തതാണ് ആരോഗ്യം വഷളാക്കിയത്. മൂന്ന് ദിവസത്തോളമായി ക്യാമ്പിലെ വെറ്ററിനറി ഡോക്ടർമാർ കുട്ടിക്കൊമ്പന്റെ ആരോഗ്യം വീണ്ടെടുക്കാൻ പരമാവധി ശ്രമം നടത്തുന്നു. ഇന്നലെ ഉച്ചയോടെയാണ് കുട്ടിക്കൊമ്പന് വയറിളക്കമുണ്ടായത്. കൃത്രിമപാൽ ദഹിക്കാതെ പ്രതിപ്രവർത്തനം നടത്തിയത് മൂലം നിർജലീകരണം സംഭവിക്കുകയായിരുന്നുവെന്ന് ആനക്കുട്ടിയെ പരിശോധിച്ച മുതുമലയിലെ ഡോക്ടർ രാജേഷ് കുമാർ പറഞ്ഞു. രാത്രി ഒരു മണിയോടെയാണ് അന്ത്യം. വളരെ ചെറുപ്പത്തിലെ അമ്മയിൽ നിന്നു വേർപെട്ട ആനക്കുട്ടികൾക്കിടയിൽ ഇത്തരം സംഭവങ്ങൾ അസാധാരണമല്ലെന്ന് ക്യാമ്പിലെ ഉദ്യോഗസ്ഥർ പറയുന്നു.

## ഹെൽത്ത് കാർഡ് ഇന്ന് മുതൽ സംസ്ഥാനത്ത് നിർബന്ധം; പരിശോധന കർശനമാക്കും

തിരുവനന്തപുരം: ഹെൽത്ത് കാർഡ് ഇന്ന് മുതൽ സംസ്ഥാനത്ത് നിർബന്ധം. സംസ്ഥാനത്ത് ഭക്ഷണം പാകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും വിൽപന നടത്തുന്നതുമായ എല്ലാ സ്ഥാപനങ്ങളിലേയും ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാരും ഹെൽത്ത് കാർഡ് എടുക്കണം. കൂടാതെ ഭക്ഷ്യ സുരക്ഷാ പരിശോധനയും കർശനമാക്കുമെന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പ് അറിയിച്ചിരുന്നു.

ഹെൽത്ത് കാർഡ് നിർബന്ധമാക്കാനുള്ള സമയപരിധി പലതവണ നീട്ടി നൽകിയിരുന്നു. ഭക്ഷ്യ വിഷബാധകളുടെ പശ്ചാത്തലത്തിലാണ് സുരക്ഷാ മാനദണ്ഡങ്ങൾ ശക്തമാക്കി ഉത്തരവിറക്കിയത്. കൃത്യമായ പരിശോധനകളില്ലാതെ ആരോഗ്യ പ്രവർത്തകർ കാർഡ് വിതരണം ചെയ്തത് വിവാദമായിരുന്നു. മാർഗ നിർദേശമനുസരിച്ച് പ്രവർത്തനം ഉറപ്പാക്കാൻ സംസ്ഥാന വ്യാപക പരിശോധന കർശനമാക്കുമെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് അറിയിച്ചിരുന്നു.

രജിസ്ട്രേറ്റ് മെഡിക്കൽ പ്രാക്ടീഷണറുടെ നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റാണ് ഇതിന് ആവശ്യം. ഡോക്ടറുടെ നിർദേശ പ്രകാരം ശാരീരിക പരിശോധന, കാഴ്ചശക്തി, ത്വക്ക് രോഗങ്ങൾ, വ്യണം, മുറിവ് എന്നിവയുണ്ടോയെന്ന പരിശോധന, വാക്സിനുകളെടുത്തിട്ടുണ്ടോ എന്ന പരിശോധന, പകർച്ച വ്യാധികളുണ്ടോ എന്നറിയുന്നതിനുള്ള രക്തപരിശോധന ഉൾപ്പെടെയുള്ള പരിശോധനകൾ നടത്തണം. സർട്ടിഫിക്കറ്റിൽ ഡോക്ടറുടെ ഒപ്പും സീലും ഉണ്ടായിരിക്കണം. ഒരു വർഷമാണ് ഈ ഹെൽത്ത് കാർഡിന്റെ കാലാവധി. ഹെൽത്ത് ഇൻസ്പെക്ടർമാർ ശുചിത്വവും ഹെൽത്ത് കാർഡും പരിശോധിക്കുന്നതാണ്. ഭക്ഷ്യസുരക്ഷാ പ്രത്യേക പരിശോധനയ്ക്കായുള്ള ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിലുള്ള അഞ്ചംഗ സ്പെഷ്യൽ ടാസ്ക് ഫോഴ്സും (ഇന്റലിജന്റ്സ്) അപ്രതീക്ഷിത പരിശോധനകൾ നടത്തും.

## വാണിജ്യ പാചക വാതക വില സിലിണ്ടറിന് 91.50 രൂപ കുറച്ചു; മാറ്റമില്ലാതെ ഗാർഹിക സിലിണ്ടർ

കൊച്ചി: വാണിജ്യാവശ്യങ്ങൾക്കുള്ള പാചക വാതക സിലിണ്ടറിന്റെ വില കുറച്ചു. 19 കിലോയുടെ സിലിണ്ടറിനാണ് വില കുറയുക. സിലിണ്ടറിന് 91.50 രൂപയാണ് കുറയ്ക്കുക, ഇതോടെ സംസ്ഥാനത്ത് 2032.50 രൂപയായി വാണിജ്യ സിലിണ്ടറിന്. എന്നാൽ, ഗാർഹിക സിലിണ്ടറിന്റെ വിലയിൽ മാറ്റമില്ല. 2022 മാർച്ചിൽ ആദ്യം 50 രൂപ വർധിപ്പിച്ചു, പിന്നീട് വീണ്ടും 50 രൂപ വർധിപ്പിച്ചു. പിന്നീട് മെയ് മാസത്തിൽ 350 രൂപ ഉയർത്തി. ഒടുവിൽ, കഴിഞ്ഞ വർഷം ജൂലൈയിൽ ഗാർഹിക സിലിണ്ടറിന്റെ വില 50 രൂപ വർധിപ്പിച്ചിരുന്നു. നിലവിൽ 1110 രൂപയാണ് ഗാർഹിക സിലിണ്ടർ വില.

# 'അറിയേണ്ടതും നേടേണ്ടതുമായ നാഗരികത ഇപ്പോഴും അകലെയാണ്'

### നരികുറുവ കുടുംബത്തെ തിയേറ്ററിൽ നിന്ന് പുറത്താക്കിയതിൽ പ്രതികരണവുമായി പ്രമുഖർ

ചെന്നൈ: ചിമ്പു നായകനായ 'പത്തു തല' കാണാൻ എത്തിയ കുടുംബത്തെ തിയേറ്ററിനുള്ളിൽ പ്രവേശിപ്പിക്കാതിരുന്നത് വിവാദമാകുന്നു. 'നരികുറുവ' എന്ന വിഭാഗക്കാരായ കുടുംബമാണ് സിനിമ കാണാൻ ചെന്നൈയിലെ രോഹിണി സിനിമാസിൽ എത്തിയത്. ഇവരെ നിർബന്ധപൂർവം തിയേറ്ററിന്റെ മുന്നിൽ നിന്ന് പിടിച്ചുമാറ്റുന്ന വീഡിയോ വൈറലായിരുന്നു. ഇതിനു പിന്നാലെ പ്രതികരണവുമായി കമൽഹാസനടക്കമുള്ള പ്രമുഖർ രംഗത്തെത്തി. കഴിഞ്ഞ ദിവസമാണ് ടിക്കറ്റെടുത്ത് തിയറ്ററിലെത്തിയ നരികുറുവ വിഭാഗത്തിലുള്ള കുടുംബത്തെ തിയറ്റർ അധികൃതർ പുറത്താക്കിയത്. ഇതിനെതിരേ ആദ്യം ശബ്ദമുയർത്തിയത് പത്തുതലയിലെ നായികയായ പ്രിയ ഭവാനിയാണ്. 'തിയേറ്റർ അധികൃതർക്ക് അവരുടെ വസ്ത്രധാരണമാണ് പ്രശ്നമെങ്കിൽ, നിങ്ങൾ അറിയേണ്ടതും നേടേണ്ടതുമായ നാഗരികത ഇപ്പോഴും വളരെ അകലെയാണ്,' എന്നാണ് പ്രിയ കുറിച്ചത്. ടിക്കറ്റുണ്ടായിട്ടും സിനിമ കാണാൻ അനുവദിക്കാതിരുന്നത് അന്യായമാണെന്നും സോഷ്യൽ മീഡിയയിൽ വാർത്ത വന്നതിന് ശേഷം മാത്രമാണ് തീരുമാനം മാറ്റാൻ തിയേറ്റർ അധികൃതർ തീരുമാനിച്ചതെന്നും ഇത് തീർത്തും അപലപനീയമാണെന്നും കമൽ ഹാസൻ ട്വീറ്റ് ചെയ്തു. മനുഷ്യർ തമ്മിൽ വിവേചനം കാണിക്കുന്നതും ജാതി പറഞ്ഞ് അധിക്ഷേപിക്കുന്നതും അടിച്ചമർത്തുന്നതും അംഗീകരിക്കാനാകുന്നതല്ല എന്ന് നടൻ വിജയ് സേതുപതി പ്രതികരിച്ചു. ഈ ലോകം എല്ലാവർക്കും കൂടിയാണെന്നും അതിൽ ആർക്കും വ്യത്യാസം ഇല്ലായെന്നും നടൻ അഭിപ്രായപ്പെട്ടിരുന്നു. ഇതോടെ രോഹിണി സിൽവർ സ്ക്രീൻസ് മാനേജ്മെന്റ് വിശദീകരണ കുറിപ്പിറക്കി. ചിത്രത്തിനു യു/എ സർട്ടിഫിക്കറ്റാണെന്നും 12 വയസിന് താഴെയുള്ള കുട്ടികൾക്ക് ഇതു കാണാൻ അനുവാദമില്ലാത്തതു കൊണ്ടാണ് പ്രവേശനം നിഷേധിച്ചതെന്നാണ് തിയേറ്റർ ഉടമ വിശദീകരിച്ചത്. മറ്റ് നിയമപ്രശ്നങ്ങൾ ഒഴിവാക്കി കുടുംബത്തെ സിനിമ കാണാൻ അനുവദിച്ചതായും കുറിപ്പിൽ പറഞ്ഞിരുന്നു. എന്നാൽ തങ്ങൾക്ക് ഇത്തരം അനുഭവം പുതിയതല്ല എന്നും മുൻപ് അജിത്ത്-വിജയ് ചിത്രങ്ങൾ കാണാൻ എത്തിയപ്പോൾ ടിക്കറ്റ് വാങ്ങി കീറി കളയുന്ന അവസ്ഥ വരെയുണ്ടായിട്ടുണ്ടെന്ന് സിനിമ കാണാനെത്തിയ കുടുംബത്തിലെ ഒരാൾ മാധ്യമങ്ങളോട് പറഞ്ഞു.



'നരികുറുവ' വിഭാഗത്തിലെ ആളുകളെ തിയേറ്ററിനുള്ളിലേക്ക് പ്രവേശിക്കുന്നത് തടയുന്ന തിയേറ്റർ ജീവനക്കാരൻ

# തുടക്കം കസറി 'ഗുജറാത്ത്'

## ഐ.പി.എൽ ആദ്യ മത്സരത്തിൽ ചെന്നൈ സൂപ്പർ കിങ്സിനെ അഞ്ച് വിക്കറ്റിന് തോൽപ്പിച്ചു. ഗില്ലിനും ഗെയ്ക്വാദിനും അർധ സെഞ്ചുറി

അഹമ്മദാബാദ്: ഐപിഎൽ പതിനാറാം സീസണിലെ ആദ്യ മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരായ ഗുജറാത്ത് ടൈറ്റൻസിന് അഞ്ച് വിക്കറ്റ് വിജയം. ചെന്നൈ ഉയർത്തിയ 179 റൺസ് വിജയ ലക്ഷ്യം നാല് പന്തുകൾ ബാക്കി നിൽക്കെ അവർ മറികടന്നും. 36 പന്തിൽ 63 റൺസെടുത്ത ഓപ്പണർ ശുഭ്മാൻ ഗില്ലാണ് ഗുജറാത്തിനെ കളിയിൽ മേധാവിത്വം നൽകിയത്. ടോസ് നേടി ബൗളിങ് തിരഞ്ഞെടുത്ത ഗുജറാത്ത് ടൈറ്റൻസ് ക്യാപ്റ്റൻ ഹാർദിക് പാണ്ഡയുടെ തീരുമാനം ശരിയെന്ന് തെളിയിക്കുന്ന രീതിയിലായിരുന്ന ചെന്നൈയുടെ തുടക്കം. ഓപ്പണർ ഡെവൻ കോൺവേയെ ഒരു റണ്ണിന് മടക്കി മുഹമ്മദ് ഷമി ഗുജറാത്തിന് മികച്ച തുടക്കം നൽകി. എന്നാൽ ക്രീസിൽ നിലയുറപ്പിച്ച ഋതുരാജ് ഗെയ്ക്ക്വാദ് വെടിക്കെട്ട് ഇന്നിങ്സിലൂടെ ചെന്നൈ സ്കോർ മുമ്പോട്ടു ചലിപ്പിച്ചു. 50 പന്തിൽ 92 റൺസെടുത്ത ഗെയ്ക്വാദിനെ അൽസാരി ജോസഫ് ശുഭ്മാൻ ഗില്ലിന്റെ കൈകളിലെത്തിക്കുമ്പോൾ ചെന്നൈ സേഫ് സോണിൽ എത്തിയിരുന്നു. ഒമ്പത് സിക്സും നാല് ഫോറും ഗെയ്ക്വാദിന്റെ ഇന്നിങ്സിന് മിഴിവേകി. 23 റൺസുമായി മോയിൻ അലിയും 19 റൺസുമായി ശിവം ഡൂബെയും പുറകത്താകാതെ 14 റൺസുമായി ക്യാപ്റ്റൻ എം.എസ് ധോണിയും ചെന്നൈ സ്കോർബോർഡിൽ സംഭാവനകൾ നൽകി. ഗുജറാത്തിന് വേണ്ടി മുഹമ്മദ് ഷമി, റാഷിദ് ഖാൻ, അൽസാരി ജോസഫ് എന്നിവർ രണ്ട് വിക്കറ്റുകൾ വീതവും ജോഷ ലിറ്റിൽ ഒരു വിക്കറ്റും നേടി. മറുപടി ബാറ്റിങ്ങിൽ ഗില്ലും വൃദ്ധിമാൻ സാഹയും ഗുജറാത്തിന് മികച്ച തുടക്കമാണ് നൽകിയത്. ഒന്നാം വിക്കറ്റിൽ ഇരുവരും 37റൺസ്







കഴിഞ്ഞ ദിവസം നടന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ് താരം ശുഭ്മാൻ ഗില്ലിന്റേയും സി.എസ്.കെ താരം ഋതുരാജ് ഗെയ്ക്വാദിന്റേയും ബാറ്റിങ്

ചേർത്തു. വൃദ്ധിമാൻ സാഹയെ ശിവം ഡൂബയുടെ കൈകളിലെത്തിച്ച് രാജ്വർധൻ ഹംഗർഗേക്കർ ചെന്നൈക്ക് ആദ്യ ബ്രേക്ക് ത്രൂ നൽകി. തുടർന്ന് ഇംപാക്ട് പ്ലെയറായി ഇറങ്ങിയ സായ് സുദർശ(22)നും വിജയ് ശങ്ക(27)റും ഗില്ലിന് മികച്ച പിന്തുണ നൽകി. എന്നാൽ ഹാർദിക് പാണ്ഡ്യ എട്ട് റൺസുമായി പെട്ടെന്ന് മടങ്ങി. അർധ സെഞ്ചുറി പിന്നിട്ട ഗില്ലിനെ ചെന്നൈയുടെ ഇംപാക്ട് പ്ലെയർ തുഷാർ ദേശ്പാണ്ഡേ ധോണിയുടെ കൈകലിലെത്തിച്ചെങ്കിലും രാഹുൽ തെവാത്തിയയും റാഷിദ് ഖാനും വിക്കറ്റ് നഷ്ടം കൂടാതെ ഗുജറാത്തിനെ ലക്ഷ്യത്തിലെത്തിച്ചു. ഗില്ലിന്റെ വിക്കറ്റ് നേടിയെങ്കിലും അമ്പാട്ടി റായിഡുവിന് പകരം ഇംപാക്ട് പ്ലെയറായി ഇറങ്ങിയ തുഷാർ പാണ്ഡേക്ക് വിലിയ ഇംപാക്ട് ചെന്നൈക്ക് വേണ്ടി കാഴ്ചവയ്ക്കാനായില്ല. 3.2 ഓവറിൽ 51 റൺസാണ് തുഷാർ വഴങ്ങിയത്. ചെന്നൈ നിരയിൽ രാജ്വർധൻ ഹംഗർഗേക്കർ മൂന്ന് വിക്കറ്റുകൾ നേടി. റാഷിദ് ഖാനാണ് കളിയിലെ താരം.

## മോദി പരാമർശം: രാഹുൽ ഗാന്ധി ഹാജരാകണമെന്ന് പട്ന പ്രത്യേക കോടതി



പട്ന: മോദി പരാമർശവുമായി ബന്ധപ്പെട്ട് ബിഹാറിലെ ബി.ജെ.പി നേതാവും രാജ്യസഭാ എം.പിയുമായ സുശീൽ കുമാർ മോദി നൽകിയ പരാതിയിൽ ഹാജരാകാൻ പട്ന പ്രത്യേക കോടതി രാഹുൽ ഗാന്ധിയോട് ആവശ്യപ്പെട്ടു. സൂറത്ത് കോടതി രാഹുലിന് രണ്ടു വർഷം തടവുശിക്ഷ വിധിച്ചതിനു പിന്നാലെയാണ് പട്ന കോടതിയുടെ ഉത്തരവ്. 2019ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കർണാടകത്തിലെ കോലാറിൽ നടത്തിയ തെരഞ്ഞടുപ്പ് റാലിക്കിടെ രാഹുൽ നടത്തിയ പ്രസംഗമാണ് വിവാദത്തിലാകുന്നത്. 'നീരവ് മോദിയോ ലളിത് മോദിയോ നരേന്ദ്ര മോദിയോ ആകട്ടെ, എന്താണ് എല്ലാ കള്ളന്മാരുടേയും പേരിൽ മോദിയുള്ളത് ഇനിയും തിരഞ്ഞാൽ കൂടുതൽ മോദിമാർ പുറത്തുവരും' എന്ന വിവാദ പരാമർശത്തിലാണ് ശിക്ഷയും അയോഗ്യതയും. രാഹുലിനെതിരേ ലണ്ടനിൽ പരാതി നൽകുമെന്ന് നേരത്തേ ലളിത് മോദി പറഞ്ഞിരുന്നു. സുശീൽകുമാർ മോദിയുടെ പരാതിയിൽ ഏപ്രിൽ 12ന് ഹാജരാകാനാണ് പട്ന കോടതി രാഹുലിനോട് ആവശ്യപ്പെട്ടിരിക്കുന്നത്.

## സംസ്ഥാന സ്കൂൾ കലോത്സവ സ്വാഗതഗാന വിവാദം: നടക്കാവ് പോലിസ് 11 പേർക്കെതിരേ കേസെടുത്തു

കോഴിക്കോട്: സംസ്ഥാന സ്കൂൾ കലോത്സവത്തിലെ സ്വാഗതഗാന ദൃശ്യാവിഷ്കാര വിവാദത്തിൽ 11 പേർക്കെതിരേ കേസെടുത്ത് പോലിസ്. മാതാ പേരാമ്പ്രയുടെ ഡയരക്ടറടക്കം 11 പേർക്കെതിരേ നടക്കാവ് പോലിസാണ് കേസെടുത്തിരിക്കുന്നത്. കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ നിർദേശപ്രകാരമാണ് കേസ് എടുത്തത്. സംഭവത്തിൽ കേസ് എടുക്കണമെന്ന് ആവശ്യപ്പെട്ട് രാജീവ് ഗാന്ധി സ്റ്റഡി സർക്കിൾ ഡയരക്ടർ അനൂപ വി.ആർ നടക്കാവ് പോലിസിൽ പരാതി നൽകിയിരുന്നു. എന്നാൽ കേസ് രജിസ്റ്റർ ചെയ്തിരുന്നില്ല. തുടർന്ന് അനൂപ കോടതിയെ സമീപിക്കുകയായിരുന്നു. മതസ്പർധ വളർത്താൻ ശ്രമിച്ചെന്ന കുറ്റമാണ് ചുമത്തിയിരിക്കുന്നത്. കേരള സ്കൂൾ കലോത്സവത്തിന്റെ സ്വാഗതഗാന ദൃശ്യാവിഷ്കാരത്തിൽ മുസ്ലിം വേഷധാരിയെ തീവ്രവാദിയായി ചിത്രീകരിച്ചതാണ് വിവാദത്തിന് കാരണമായത്. സംഭവത്തിൽ സംസ്ഥാന സർക്കാരിനും കലോത്സവ സംഘാടക സമിതിക്കുമെതിരേ വിമർശനവുമായി മുസ്ലിം ലീഗ് രംഗത്ത് വന്നിരുന്നു. തുടർന്ന് അന്വേഷണം വേണമെന്ന ആവശ്യം മന്ത്രി മുഹമ്മദ് റിയാസും ഉന്നയിച്ചു. പാർട്ടി സംസ്ഥാന നേതൃത്വവും ഇതിനെ പിന്തുണച്ചിരുന്നു. പിന്നാലെ സ്വാഗതഗാനം അവതരിപ്പിച്ച പേരാമ്പ്ര മാതാ കലാകേന്ദ്രത്തെ കലോത്സവങ്ങളിൽ നിന്ന് മാറ്റിനിർത്തുമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.



സംസ്ഥാന സ്കൂൾ കലോത്സവത്തിലെ സ്വാഗതഗാന ദൃശ്യാവിഷ്കാരത്തിലെ വിവാദമായ ഭാഗം

## ഇൻഡിഗോ വിമാനത്തിൽ എയർഹോസ്റ്റസിനു നേരെ ലൈംഗികാതിക്രമം; സ്വീഡിഷ് പൗരൻ അറസ്റ്റിൽ

മുംബൈ: ഇൻഡിഗോ വിമാനത്തിൽ എയർഹോസ്റ്റസിനു നേരെ ലൈഗിംകാതിക്രമം കാട്ടിയ സ്വീഡിഷ് പൗരൻ മുംബൈയിൽ അറസ്റ്റിൽ. ബാങ്കോക്കിൽ നിന്ന് മുംബൈയിലേയ്ക്ക് വന്ന വിമാനത്തിലെ 63 കാരൻ ഹരോൾഡാണ് എയർഹോസ്റ്റസിനോട് അപമര്യാദയായി പെരുമാറിയത്. ഹരോൾഡ് മദ്യലഹരിയിലായിരുന്നുവെന്നും സഹയാത്രക്കാരനെ ആക്രമിച്ചെന്നും പരാതിയുണ്ട്. വ്യാഴാഴ്ചയായിരുന്നു സംഭവം. യാത്രക്കിടെ ഭക്ഷണം വിളമ്പുന്നതിനിടെ 24-കാരിയായ എയർഹോസ്റ്റസിനോട് ഹരാൾഡ് മോശമായി പെരുമാറുകയായിരുന്നുവെന്നാണ് പരാതി. ഭക്ഷണത്തിന്റെ പണം നൽകാൻ പി.ഒ.എസ് മെഷീനുമായെത്തി എയർഹോസ്റ്റസിന്റെ കയ്യിൽ അനുചിതമായ രീതിയിൽ പിടിക്കുകയായിരുന്നു.

ഇതിനെതിരെ പ്രതികരിച്ചപ്പോൾ സീറ്റിൽ നിന്ന് എഴുന്നേറ്റ ഹരാൾഡ് മറ്റ് യാത്രക്കാരുടെ മുന്നിൽ വെച്ച് തന്നോട് മോശമായി പെരുമാറുകയായിരുന്നുവെന്നും യുവതി പരാതിയിൽ പറയുന്നു. വിമാനം മുംബൈ വിമാനത്താവളത്തിൽ ഇറങ്ങിയ ഉടനെ ഇൻഡിഗോ എയർലൈനിന്റെ പരാതിയിൽ ഹരോൾഡിനെ പോലിസ് അറസ്റ്റ് ചെയ്തു. തുടർന്ന് കോടതിയിൽ ഹാജരാക്കിയ ഇയാളെ 20,000 രൂപ ജാമ്യത്തിൽ വിട്ടയക്കുകയായിരുന്നു.



കെ.എൻ.എം സംസ്ഥാന സമിതി കോഴിക്കോട് സംഘടിപ്പിച്ച സൗഹൃദസംഗമം പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

## ആറ് മാസം പ്രായമായ കുഞ്ഞ് മരിച്ച സംഭവം: വയനാട്ടിൽ ഡോക്ടറെ പിരിച്ചുവിട്ടു

മാനന്തവാടി: ചികിത്സ കിട്ടാതെ ആറ് മാസം പ്രായമായ കുഞ്ഞ് മരിച്ച സംഭവത്തിൽ ഡോക്ടറെ പിരിച്ചുവിട്ട് ആരോഗ്യവകുപ്പ്. വെള്ളമുണ്ട കാരാട്ടുക്കുന്ന് ആദിവാസി കോളനിയിലെ ബിനീഷ്, ലീല ദമ്പതികളുടെ ആറ് മാസം പ്രായമുള്ള കുഞ്ഞ് ചികിത്സ തേടിയപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന മാനന്തവാടി മെഡിക്കൽ കോളേജിലെ താൽക്കാലിക ഡോക്ടറെയാണ് സർവീസിൽ നിന്ന് പിരിച്ചുവിട്ടത്. കുട്ടിക്ക് ചികിത്സ നൽകുന്നതിൽ ഡോക്ടർക്ക് വീഴ്ചയുണ്ടായെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടി. മാർച്ച് 22നാണ് കുട്ടി മരിച്ചത്. അനീമിയയും പോഷകാഹാരക്കുറവും ന്യൂമോണിയയുമാണ് കുട്ടിയുടെ മരണത്തിലേക്ക് നയിച്ചതെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. ഗുരുതരാവസ്ഥയിൽ മാനന്തവാടി മെഡിക്കൽ കോളേജിലെത്തിച്ച കുഞ്ഞിന് മതിയായ ചികിത്സ നൽകാൻ ഡോക്ടർമാർ തയ്യാറായില്ലെന്നാണ് കുടുംബത്തിന്റെ പരാതി. കടുത്ത പനിയുണ്ടായിരുന്ന കുട്ടിയെ പരിശോധനകൾക്ക് വിധേയമാക്കിയില്ല. അഡ്മിറ്റ് ചെയ്യാതെ പനിക്കുള്ള മരുന്നുകൾ നൽകി വീട്ടിലേക്ക് മടക്കി അയച്ചു. തൊട്ടടുത്ത ദിവസം കുട്ടി മരിക്കുകയും ചെയ്തു. വെള്ളമുണ്ട കുടുംബാരോഗ്യകേന്ദ്രത്തിലും കാരാക്കാമല ഹെൽത്ത് സെന്ററിലും നേരത്തെ കുട്ടി ചികിത്സ തേടിയിരുന്നു. ഇവിടെയുള്ള ജീവനക്കാരും കുട്ടിയെ വേണ്ട രീതിയിൽ പരിചരിച്ചില്ലെന്ന് കുടുംബം ആരോപിച്ചിരുന്നു. വീട്ടിൽ കുത്തിവയ്പ്പിനെത്തിയ ആരോഗ്യവകുപ്പ് ജീവനക്കാരാണ് കുഞ്ഞിന്റെ ആരോഗ്യനില കണ്ട് മാനന്തവാടി മെഡിക്കൽ കോളേജിലെത്തിക്കണമെന്ന് കുടുംബത്തെ അറിയിച്ചത്. തുടർന്ന് ട്രൈബൽ വകുപ്പ് അനുവദിച്ച ആംബുലൻസിൽ കുഞ്ഞിനെ മെഡിക്കൽ കോളേജിൽ എത്തിച്ചു.

എന്നാൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ ഗൗരവത്തിലെടുത്തില്ല. സംഭവത്തിൽ വയനാട് ഡി.എം.ഒ പ്രാഥമിക അന്വേഷണം നടത്തി. മെഡിക്കൽ കോളജ് പ്രിൻസിപ്പാളിന് റിപ്പോർട്ട് സമർപ്പിച്ചു. വെള്ളമുണ്ട ഫാമിലി ഹെൽത്ത് സെന്ററിലെ രണ്ട് ജീവനക്കാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി. ആശുപത്രിയിലെത്തിച്ചപ്പോൾ കുട്ടിയുടെ ആരോഗ്യനില തൃപ്തികരമായത് കൊണ്ടാണ് മരുന്ന് നൽകി വീട്ടിലേക്ക് അയച്ചതെന്നാണ് ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടറുടെ വാദം. ഇത് തൃപതികരമല്ലെന്ന് വ്യക്തമായതിന് പിന്നാലെയാണ് ഡോക്ടറെ പിരിച്ചുവിട്ടത്.



വെള്ളമുണ്ട കാരാട്ടുക്കുന്ന് ആദിവാസി കോളനിയിലെ ബിനീഷും ലീലയും


## മത ന്യൂനപക്ഷങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ ഒന്നിച്ചു നിൽക്കണം: കെ.എൻ.എം സൗഹൃദസംഗമം

കോഴിക്കോട്: രാജ്യത്തെ മത ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ കവർന്നെടുത്ത് അവരെ അരികു വൽക്കരിക്കാനുള്ള ശ്രമങ്ങൾക്കെതിരേ മതേതര സമൂഹം ഒന്നിച്ചു നിൽക്കണമെന്ന് കെ.എൻ.എം സംസ്ഥാന സമിതി കോഴിക്കോട്ട് സംഘടിപ്പിച്ച സൗഹൃദ സംഗമം ആവശ്യപ്പെട്ടു. തെരെഞ്ഞെടുപ്പ് മുന്നിൽ കണ്ട് വ്യാപകമായ രൂപത്തിൽ വർഗീയ ധ്രുവീകരണത്തിനു ശ്രമം നടക്കുകയാണ്. കർണാടകയിലെ സംവരണ വിഷയം ആളികത്തിച്ച് സമൂഹത്തിൽ ഭിന്നതയുണ്ടാക്കാനാണ് ശ്രമം. ജനാധിപത്യ സംവിധാനങ്ങളെ അട്ടിമറിക്കാനുള്ള കുതന്ത്രങ്ങൾ നടക്കുന്നു. കുറുക്കുവഴിയിലൂടെ അധികാരം നിലനിർത്താനുള്ള ശ്രമങ്ങളാണ് കാണുന്നത്. തെരെഞ്ഞെടുപ്പ് മുന്നിൽ കണ്ട് വർഗീയത ഇളക്കി വിടുന്നവർക്ക് അതിനെ കൂട്ടിലടക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കണം. മത സമുദായങ്ങൾക്കിടയിൽ അകൽച്ച വർധിപ്പിക്കുന്ന ശ്രമങ്ങൾക്കെതിരേ ജാഗ്രത പുലർത്തണമെന്നും കെ.എൻ.എം ആവശ്യപ്പെട്ടു.

സൗഹൃദം വീണ്ടെടുക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാകണം. സംഗമം പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. വെറുപ്പിന്റെ ചിന്തകളെ ഇല്ലാതാക്കാൻ എല്ലാവരും ഒന്നിച്ചു നിൽക്കണമെന്നും അദ്ദേഹം പറഞ്ഞു. വെറുപ്പിന്റെ വാക്കുകൾ എറിഞ്ഞ് മനുഷ്യരെ ഭിന്നിപ്പിക്കുന്ന ഏതു നീക്കവും ചെറുത്ത് തോൽപ്പിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെ.എൻ.എം സംസ്ഥാന പ്രസിഡന്റ് ടി. പി.അബ്ദുല്ല കോയ മദനി അധ്യക്ഷത വഹിച്ചു. മന്ത്രി അഹമ്മദ് ദേവർ കോവിൽ, പി.കെ കുഞ്ഞാലിക്കുട്ടി, സയ്യിദ് റശീദലി തങ്ങൾ, ടി സിദ്ദീഖ് എം.എൽ.എ, എം.കെ മുനീർ എം.എൽ.എ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ, തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ, എം.ഐ അബ്ദുൽ അസീസ്, പി.എം.എ സലാം, എം മുഹമ്മദ് മദനി, ഒ.അബ്ദു റഹ്മാൻ, ടി.ടി ഇസ്മായിൽ, എം.എ റസാഖ്, പി.കെ അഹ്മദ്, നൂർ മുഹമ്മദ് നൂർഷ, ഡോ. ഹുസൈൻ മടവൂർ, പ്രൊഫ എൻ.വി അബ്ദു റഹ്മാൻ, പാലത്ത് അബ്ദുറഹ്മാൻ മദനി, ഡോ.എ.ഐ അബ്ദുൽ മജീദ് , എ.അസ്ഗർ അലി, ഡോ.സുൾഫിക്കർ അലി, ശുക്കൂർ സ്വലാഹി, ഡോ.പി. പി അബ്ദുൽ ഹഖ്, എം.ടി അബ്ദുസ്സമദ്, കമാൽ വരദൂർ, സി.കെ സുബൈർ, അഡ്വ.ഫൈസൽ ബാബു,അഡ്വ പ്രവീൺ കുമാർ എന്നിവർ സംസാരിച്ചു.

## വൈക്കം സത്യഗ്രഹം ഇന്ത്യൻ സാമൂഹിക നവോത്ഥാന ചരിത്രത്തിലെ നാഴികക്കല്ല്; എം.കെ സ്റ്റാലിൻ


ചെന്നൈ: വൈക്കം സത്യഗ്രഹം ഇന്ത്യൻ സാമൂഹിക നവോത്ഥാനത്തിന്റെ നാഴികക്കല്ലെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ. പിൽക്കാലത്ത് നടന്ന എല്ലാ ക്ഷേത്രപ്രവേശന പ്രക്ഷോഭങ്ങൾക്കും മാതൃകയായിരുന്നു വൈക്കം സത്യഗ്രഹമെന്ന് നിയമസഭയിലെ പ്രസംഗത്തിൽ അദ്ദേഹം ചൂണ്ടിക്കാണിച്ചു. വൈക്കം സത്യഗ്രഹത്തിന്റെ നൂറാം വാർഷികാഘോഷത്തിന്റെ ഭാഗമായി വൈക്കത്തെ പെരിയാർ സ്മാരകം പുനരുദ്ധരിക്കാൻ 8.14 കോടി രൂപ അനുവദിക്കുമെന്ന് തമിഴ്നാട് നിയമസഭയിൽ അദ്ദേഹം പ്രഖ്യാപിച്ചു. വൈക്കം സത്യഗ്രഹത്തിലെ മുന്നണിപ്പോരാളിയായി തന്തൈ പെരിയാറെ വിശേഷിപ്പിച്ച സ്റ്റാലിൻ, സഭയിൽ നടത്തിയ പ്രഖ്യാപനങ്ങളെ ചരിത്രപരം എന്നാണ് പറഞ്ഞത്. സത്യഗ്രഹത്തിന് നേതൃത്വം നൽകാൻ കേരളത്തിലെത്തിയ പെരിയാർ രണ്ട് തവണ അറസ്റ്റ് ചെയ്യപ്പെടുകയും അരൂക്കുറ്റി പോലിസ് സ്റ്റേഷനിലും തിരുവനന്തപുരം ജയിലിലും മാസങ്ങൾ തടവിൽ കഴിയേണ്ടി വന്നതും സ്റ്റാലിൻ സഭയിലെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചു. വൈക്കം പ്രക്ഷോഭത്തിനിടെ പെരിയാറിനെ അറസ്റ്റ് ചെയ്ത ആലപ്പുഴയിലെ അരൂക്കുറ്റിയിലും പുതിയ പെരിയാർ സ്മാരകം നിർമിക്കാനും തീരുമാനിച്ചു. വൈക്കം സമരത്തിന്റെ ഓർമ്മയ്ക്കായി പ്രത്യേക സ്റ്റാമ്പ് പുറത്തിറക്കുമെന്നും സ്റ്റാലിൻ പറഞ്ഞു. 'വൈക്കം സമരത്തെക്കുറിച്ച് പഴ അത്തിയമാൻ രചിച്ച പുസ്തകത്തിന്റെ മലയാളം വിവർത്തനം പ്രസിദ്ധീകരിക്കും. ഇത് ഇംഗ്ലീഷ്, തെലുങ്ക്, കന്നട ഭാഷകളിലും പുറത്തിറക്കും. പുറമേ എല്ലാ വർഷവും സെപ്റ്റംബർ 17ന് സാമൂഹിക നവോത്ഥാന രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി 'വൈക്കം അവാർഡ്' ഏർപ്പെടുത്തും. ഈ വർഷം നവംബർ 29ന് ഇതോടനുബന്ധിച്ച് തമിഴ്നാട് സർക്കാർ സംഘടിപ്പിക്കുന്ന പ്രത്യേക പരിപാടിയിൽ ഇരു സംസ്ഥാനങ്ങളിലേയും മുഖ്യമന്ത്രിമാർ പങ്കെടുക്കും. വൈക്കം സത്യഗ്രഹത്തെക്കുറിച്ച് 64 പേജ് വരുന്ന പുസ്തകം തമിഴ്നാട് ടെക്സ്റ്റ് ബുക്ക് ആൻഡ് എജ്യുക്കേഷണൽ സർവീസസ് കോർപ്പറേഷൻ മുഖേന പ്രസിദ്ധീകരിക്കുകയും ഇതിന്റെ ഓഡിയോ ബുക്ക് ഇംഗ്ലീഷിലും തമിഴിലും പുറത്തിറക്കുകയും ചെയ്യും. വൈക്കം സത്യഗ്രഹത്തെക്കുറിച്ച് വിദഗ്ധരുടെ കുറിപ്പുകൾ ശതാബ്ദി സുവനീയറിന്റെ ഭാഗമായി 'തമിഴ് അരശ്' മാസികയിൽ പ്രസിദ്ധീകരിക്കും.



കാലിക്കറ്റ് സിറ്റി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി-3233, ഓ.പി രാമൻ റോഡ്, സിവിൽ സ്റ്റേഷൻ (പി.ഒ), കോഴിക്കോട്-673020

അപേക്ഷകൾ ക്ഷണിക്കുന്നു

സംഘത്തിന് അനുവദിച്ചുകിട്ടിയ സെക്രട്ടറി തസ്തികയിൽ മൊത്ത ശമ്പള വ്യവസ്ഥയിൽ നിയമനത്തിനായി നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത ഉള്ളവരും 01.01.2023 ന് 18 നും 40 നു ഇടയിൽ പ്രായമുള്ളവരുമായ (നിയമാനുസൃത വയസ്സിളവിന് അർഹത ഉള്ളവർക്ക് ഇളവ് അനുവദിക്കുന്നതാണ്) ഉദ്യോഗാർത്ഥികളിൽ നിന്നും, വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സിളവിനുള്ള അർഹത (ഉണ്ടെങ്കിൽ) എന്നീ വിവരങ്ങളും അവ തെളിയിക്കുന്ന രേഖകളുടെ പകർപ്പുകളും മൊബൈൽ നമ്പറും സഹിതം സ്വയം തയ്യാറാക്കി ഒപ്പിട്ട അപേക്ഷയോടൊപ്പം അപേക്ഷാഫീസ് 100/- രൂപ സംഘത്തിൽ അടച്ച് (എസ് സി / എസ് ടി വിഭാഗക്കാർക്ക് 50/- രൂപയുടെ) അപേക്ഷാഫോറം വാങ്ങേണ്ടതാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തിയ്യതി 19.04.2023. വൈകുന്നേരം 5.00 മണി

തസ്തിക : സെക്രട്ടറി
എണ്ണം : ഒന്ന്
ശമ്പളം : 10,000/- (മൊത്തം ശമ്പളം)
വിദ്യാഭ്യാസ യോഗ്യത: എസ്.എസ്.എൽ.സിയും ജെ.ഡി.സിയും പാസ്സായിരിക്കണം. അല്ലെങ്കിൽ തത്തുല്യ യോഗ്യതകൾ




# 2 പിണറായി വിജയൻ സർക്കാരിന്റെ 2-ാം വാർഷികാഘോഷം

## ഏപ്രിൽ – മെയ് മാസങ്ങളിൽ

ഉദ്ഘാടനം:
**പിണറായി വിജയൻ**
മുഖ്യമന്ത്രി

ഏപ്രിൽ 1 വൈകുന്നേരം 7
എറണാകുളം മറൈൻ ഡ്രൈവിൽ

മന്ത്രിമാർ, ജനപ്രതിനിധികൾ പങ്കെടുക്കും

## യുവതയുടെ കേരളം
കേരളം ഒന്നാമത്

എറണാകുളം
ഏപ്രിൽ 01 മുതൽ 08 വരെ
മറൈൻ ഡ്രൈവ്

• ഏപ്രിൽ 1 സ്റ്റീഫൻ ദേവസി ലൈവ് ബാൻഡ് • ഏപ്രിൽ 2 ജാസി ഗിഫ്റ്റ് മ്യൂസിക് നൈറ്റ് • ഏപ്രിൽ 3 ദുർഗ വിശ്വനാഥ്, വിപിൻ സേവ്യർ ഗാനമേള • ഏപ്രിൽ 4 താമരശ്ശേരി ചുരം മ്യൂസിക് ബാൻഡ് • ഏപ്രിൽ 5 അലോഷി പാടുന്നു • ഏപ്രിൽ 6 ആട്ടം ചെമ്മീൻ ബാൻഡ് • ഏപ്രിൽ 8 ഗിന്നസ് പക്രു മെഗാഷോ

## എന്റെ കേരളം 2023
## പ്രദർശന വിപണന സേവന മേള
ഏപ്രിൽ 1 മുതൽ മെയ് 27 വരെ.

യുവജനങ്ങൾക്കായി വിദ്യാഭ്യാസ- തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട സേവനങ്ങൾ | ടെക്നോ ഡെമോ | സംരംഭകർക്കായി ബിസിനസ് ടു ബിസിനസ് മീറ്റ് | പൊതു ജനങ്ങൾക്ക് വിവിധ വകുപ്പുകളുടെ സേവനങ്ങൾ | ഫുഡ് കോർട്ട് | കലാ-സാംസ്കാരിക പരിപാടികൾ | വിപണന സ്റ്റാളുകൾ | ചർച്ചകൾ സെമിനാറുകൾ

### ജില്ലകളിലെ മേളകൾ

പാലക്കാട്
ഏപിൽ 09 -15
ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയം

കണ്ണൂർ
ഏപ്രിൽ 11-17
പോലീസ് മൈതാനം

ആലപ്പുഴ
ഏപ്രിൽ 17- 23
ആലപ്പുഴ ബീച്ച്

വയനാട്
ഏപ്രിൽ 24 - 30
എസ് കെ എം ജെ
ഹയർ സെക്കൻഡറി സ്കൂൾ

ഇടുക്കി
ഏപ്രിൽ 28 - മെയ് 04
വി എച്ച് എസ് ഇ
വാഴത്തോപ്പ്

പത്തനംതിട്ട
മെയ് 12 -18
മുനിസിപ്പൽ സ്റ്റേഡിയം

കാസർകോട്
മെയ് 03 - 09
കാഞ്ഞങ്ങാട് പുതിയ ബസ്സ്റ്റാന്റ്

മലപ്പുറം
മെയ് 04 -10
എ.വി. ഹയർസെക്കൻഡറി സ്കൂൾ ഗ്രൗണ്ട്, പൊന്നാനി

തൃശൂർ
മെയ് 10 -16
തേക്കിൻകാട് മൈതാനം
(വിദ്യാർഥി കോർണർ)

കോഴിക്കോട്
മെയ് 12-18
കോഴിക്കോട് ബീച്ച്

കോട്ടയം
മെയ് 16 - 22
നാഗമ്പടം മൈതാനം

കൊല്ലം
മെയ് 18 - 24
ആശ്രാമം മൈതാനം

തിരുവനന്തപുരം
മെയ് 20 - 27
കനകക്കുന്ന്

STAY SAFE ONLINE
ऑनलाइन सुरक्षा कवच

എന്റെ കേരളം എന്റെ അഭിമാനം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

കൈകൾ കോർത്ത് കരുത്തോടെ 2-ാം പിണറായി സർക്കാർ വാർഷികം

G20 भारत 2023 INDIA
वसुधैव कुटुम्बकम्
ONE EARTH • ONE FAMILY • ONE FUTURE

Contact with CM fb.me/cmokerala twitter.com/cmokerala PRD Live Mobile App /keralainformation PRD Media Handbook App



കേരള സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്



# വൈക്കം സത്യാഗ്രഹം
# ശതാബ്ദി ആഘോഷം

## സംസ്ഥാനതല ഉദ്ഘാടനം

**2023 ഏപ്രിൽ 01 | വൈകിട്ട് 4.30 | വൈക്കം**

### ഉദ്ഘാടനം

**പിണറായി വിജയൻ** കേരള മുഖ്യമന്ത്രി
**എം.കെ. സ്റ്റാലിൻ** തമിഴ്നാട് മുഖ്യമന്ത്രി

സ്വാഗതം ........ **സജി ചെറിയാൻ**
സാംസ്കാരികം, യുവജനകാര്യം, ഫിഷറീസ് വകുപ്പ് മന്ത്രി

അദ്ധ്യക്ഷൻ ........ **വി.എൻ. വാസവൻ**
സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി

റിപ്പോർട്ട് ........ **വി.പി.ജോയ് ഐ.എ.എസ്.**
ചീഫ് സെക്രട്ടറി


ശതാബ്ദി ലോഗോ പ്രകാശനം
........ തമിഴ്നാട് മുഖ്യമന്ത്രി **എം.കെ. സ്റ്റാലിൻ**

വൈക്കം സത്യാഗ്രഹം കൈപുസ്തക പ്രകാശനം
........ മുഖ്യമന്ത്രി **പിണറായി വിജയൻ**

### പുഷ്പാർച്ചന

**പെരിയാർ സ്മാരകം**

**എം.കെ. സ്റ്റാലിൻ** തമിഴ്നാട് മുഖ്യമന്ത്രി
**പിണറായി വിജയൻ** കേരള മുഖ്യമന്ത്രി



**ഈ ചരിത്ര സംഭവം തമിഴ്നാടും ആഘോഷിക്കുന്നു**

**പ്രത്യേക ശതാബ്ദി സമ്മേളനം** 2023 നവംബർ 29ന്

**സാമൂഹ്യ പ്രവർത്തകർക്ക് വൈക്കം പുരസ്കാരം**
സാമൂഹ്യ നീതി ദിനമായ സെപ്റ്റംബർ 17ന്.
അടിച്ചമർത്തപ്പെട്ടവരുടെ ഉന്നമനത്തിനായുള്ള
ഇതര സംസ്ഥാനങ്ങളിലെ പ്രവർത്തനങ്ങൾക്ക് അംഗീകാരം

**ആലപ്പുഴ അരൂക്കുറ്റിയിൽ പെരിയാറിന് പുതിയ സ്മാരകം**
**വൈക്കം സ്മാരകം പുനരുദ്ധാരണം**

എന്റെ കേരളം എന്റെ അഭിമാനം
STAY SAFE ONLINE
ONE EARTH • ONE FAMILY • ONE FUTURE


RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.